# Women in “The Bible”

## Abigail(അബിഗയിൽ)



കർമ്മേലിലെ മഹാധനികനായ ഒരു വ്യാപാരിയുടെ ഭാര്യയായിട്ടാണ് അബിഗയിലിനെ വചനത്തിൽ ആദ്യം കാണുന്നത് ശൗലിനെ ഭയന്ന് വനാന്ത രങ്ങളിൽ അലഞ്ഞു നടന്ന ദാവീദ് തനിയ്ക്കും,തന്നോടൊപ്പമുള്ളവർക്കും സഹായം ലഭിക്കുമെന്ന വിശ്വാസ ത്തോടെ പത്തുപേരെ നാബാലിന്റെ അടുക്കലേക്കയച്ചു. ഈ മനുഷ്യന്റെ ഇടയൻമാരേയും ആളുകളേയും വനാന്തരങ്ങളിൽ സംരക്ഷിച്ചത് ദാവീദും കൂട്ടരുമായിരുന്നു. നാബാലിന്റെ ആടുകളുടെ രോമം കത്രിക്കുന്ന അടിയന്തിരം ആയിരുന്നു അവിടെ നട ക്കുന്നത്. ദാവീദിന്റെ ആളുകളെ അവൻ പരിഹസിച്ചയച്ചു. (1ശമു:25:4-11) ഒരു വലിയ വിപത്ത് ഉണ്ടാകുവാൻ സാധ്യതയുള്ള സാഹചര്യത്തെ വിവേ കത്തോടെ തരണം ചെയ്ത അബിഗയിലിനെപ്പറ്റി പഠിക്കുന്നത് പ്രതികൂല ങ്ങളെ വിവേകത്തോടെ നേരിടുവാൻ നമ്മെ സഹായിക്കും.

### (1)വിവേകമതിയായ സ്ത്രീ

അനേക സൗന്ദര്യമുള്ള വനിതകളെപ്പറ്റി ദൈവവചനത്തിൽ പരാ മർശിച്ചിട്ടുണ്ടെങ്കിലും അബീഗയിലിന്റെ പേരിനോട് ചേർത്ത് വിവേകമതി എന്ന് പ്രത്യേകം ലിഖിതപ്പെടുത്തിയത് ശ്രദ്ധേയമത്രെ.(1ശമു:25:3) വിവേകം അക്ഷരജ്ഞാനം കൊണ്ട് ലഭിക്കുന്നതല്ല. വിവേകമെന്നാൽ ഏത് സാഹച

ര്യത്തിലും സമനില തെറ്റാതെ യുക്തമായ തീരുമാനം ശാന്തതയോടും സമാധാനത്തോടും കൂടി എടുക്കുവാനുള്ള കഴിവാണ്. കർത്താവിന്റെ പാദപീഠത്തിലിരുന്ന് വചനം പഠിച്ച് യഹോവാഭക്തിയുള്ളവരാകുക. അറിവുമൂലം അഹങ്കരിക്കുന്നവരാണ് ലോകമനുഷ്യർ.എന്നാൽ ജീവിപ്പിക്കുന്ന ആത്മാവാൽ വിവേകം പ്രാപിക്കുന്നവരാണ് ദൈവമക്കൾ.

## (2) വിവേകമുള്ള ഭാര്യ




കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന സ്ത്രീയെ പണമോ, ഔദ്യോഗിക പദവിയോ ആഗ്രഹിച്ച് ഒരു പുരുഷനെ ഏല്പിച്ചാലും മറിച്ച് ഇവയെല്ലാം ആഗ്രഹിച്ച് പുരുഷൻ സ്ത്രീയെ സ്വീകരിച്ചാലും കുടുംബത്തിൽ സമാധാനം ഉണ്ടാകുന്നില്ല, മദ്യപാനിയായ പുരുഷനായാലും കുടുംബസമാധാനം നഷ്ടമാകും.എന്നാൽ അതിലെല്ലാം ഭയാനകമാകുന്നത് ദൈവമില്ലാത്ത ഒരാളെ ജീവിതത്തിലേക്ക് ക്ഷണിക്കുമ്പോഴാണ്.ക്ഷമ നഷ്ടപ്പെട്ട വിവേകമില്ലാത്തവരുടെ ജീവിതം വേർപിരിയലിൽ എത്തിച്ചേരുന്നു.

എന്നാൽ വിവേകമുള്ള അബീഗയിൽ ഭാര്യാ പദവി ഏറ്റത് നിഷ്ഠൂരനും ദുഷ്ക്കർമ്മിയും,മദ്യപാനിയുമായ നാബാൽ എന്ന പുരുഷനെ സ്വീകരിച്ചായിരുന്നു. ഈ കുടുംബത്തിലെ തെറ്റിനെ ശരിയാക്കി മാറ്റുവാൻ വിവേകമതിയായ അവൾ ശ്രമിച്ചു. അവനെയും, കുടുംബത്തെയും , വേലക്കാരേയും ശ്രദ്ധിക്കുന്ന സാമർത്ഥ്യമുള്ള ഭാര്യ ആയി മാറി അബീഗയിൽ.ഇ

വളുടെ വില മുത്തുകളിലും വിലയേറിയതാണ്. കൂടാതെ ഇവളുടെ വിളക്ക് രാത്രിയിലും കെട്ടു പോകുന്നില്ല.

**(3) ദാസൻമാരുടെ വിവേകമതിയായ യജമാനത്തി**

ബാല്യക്കാർ യജമാനനെ ദുസ്വഭാവി എന്നാണ് മനസ്സിലാക്കിയത്. അതിനാൽ ദാവീദിന്റെ ആളുകളോട് മോശമായി പെരുമാറിയ തങ്ങളുടെ യജമാനന്റെ പ്രവർത്തിയും , അതുമൂലം ഉണ്ടാകുവാൻ പോകുന്ന ഭവിഷ്യ ത്തിനും പരിഹാരം കാണുവാൻ യജമാനത്തിയോടാണ് ദാസൻമാർ ആവ ശ്യപ്പെട്ടത്.

**(4) സഹായിച്ചവരോട് കരുണ കാട്ടിയ സ്ത്രീ**

തങ്ങളുടെ ദാസൻമാർക്ക് മതിലായിരുന്ന് അവരെ രക്ഷിച്ച ദാവീദി നെയും കൂട്ടരേയും ബഹുമാനിപ്പാനുള്ള വിവേകം അബിഗയിൽ കാട്ടി. കാഴ്ച വസ്തുക്കളുമായാണ് അവൾ ദാവീദിനെ എതിരേറ്റ് ചെന്നത്. ആർക്കും സന്തോഷം നൽകുന്ന, എത്ര വലിയ ക്രൂരകൃത്യത്തിന് പുറപ്പെടു ന്നവരേയും ബുദ്ധിയോടെ ചിന്തിപ്പിക്കുന്ന, മനസ്സിൽ നന്മ വരുത്തുന്ന വിവേകപൂർണ്ണമായ വാക്കുകളായിരുന്നു അബീഗയിലിന്റേത്. ദാവീദിന്റെ മുമ്പിൽ സാഷ്ടാംഗം വീണു നമസ്ക്കരിക്കുക മാത്രമല്ല നാബാലിന്റെ ഭോഷത്വം അറിയിക്കുകയും, അവന്റെ കുറ്റം ഏറ്റെടുത്ത് ക്ഷമയ്ക്കായി യാചിക്കുകയും ചെയ്തു.

പകരം വീട്ടുവാൻ പുറപ്പെട്ട് രക്തപാതകനാകാതെ, രാജത്വം സ്വീക രിപ്പാൻ തയ്യാറാകുവാൻ അപേക്ഷിക്കുകയും ചെയ്തു.നാബാലുൾപ്പെടെ യുള്ള സകല ശത്രുക്കളും ദാവീദിന്റെ മുൻപിൽ വീഴും എന്നാൽ യഹോവ യജമാനന് നന്മ ചെയ്യുമ്പോൾ അടിയനേയും ഓർത്തുകൊള്ളേ ണമേ എന്ന യാചന ഉയർത്തുവാനും അവൾ മറന്നില്ല. “നിന്റെ വിവേകം

സ്തുത്യം'' എന്ന വാക്കുകളാൽ ദാവീദ് അവളുടെ വിവേകത്തെ പുകഴ്ത്തി.(1ശമു:25:20-35)

## (5) ശിക്ഷയിൽ നിന്ന് രക്ഷയിലേക്കെത്തിയ സ്ത്രീ

മുകളിൽ നടന്ന സംഭവത്തിന് പത്തുദിവസത്തിനു ശേഷം നാബാൽ യഹോവയുടെ ശിക്ഷയാൽ മരിച്ചുപോയി. നാബാലിൽ നിന്ന് സ്വതന്ത്രയായ അബിഗയിലിനോട് ദാവീദ് നീതി പുലർത്തി. അവളെ ഭാര്യയായി സ്വീകരിച്ചപ്പോൾ, ദാവീദിലൂടെ ദൈവം പുത്രസമ്പത്തു നൽകി അവളെ അനുഗ്രഹിച്ചു (2ശമു:3:3)

ഇതുപോലെ സാത്താനെയും അവന്റെ പ്രവർത്തികളെയും തകർത്ത് യേശുവിന്റെ മണവാട്ടിയാകുവാൻ സഭയെ വേർതിരിച്ചത് ദൈവകൃപയാണ്. അബിഗയിലിനെപ്പോലെ വിവേകത്തോടെ പെരുമാറുവാൻ സഭയെ ദൈവം സഹായിക്കട്ടെ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind